# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

| ഏപ്രിൽ 22<br>April 22 | 2019 |
|---|---|

*1193 മേടം 8 തിങ്കൾ*

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**ലോക്സഭാ തെരഞ്ഞെടുപ്പ് 2019**

## പോളിംഗ് സാമഗ്രികളുടെ വിതരണകേന്ദ്രം കളക്ടർ സന്ദർശിച്ചു

ലോക്സഭാ തെരഞ്ഞെടുപ്പിനുള്ള പോളിംഗ് സാമഗ്രികളുടെ വിതരണകേന്ദ്രങ്ങൾ ജില്ലാ വരണാധികാരിയും ജില്ലാ കളക്ടറുമായ പി.ബി. നൂഹ് സന്ദർശിച്ചു നടപടിക്രമങ്ങൾ വിലയിരുത്തി. ആറന്മുള മണ്ഡലത്തിലെ പോളിംഗ് സാമഗ്രികളുടെ വിതരണം നടന്ന മൈലപ്ര മൗണ്ട് ബഥനി ഹയർ സെക്കൻഡറി സ്കൂളിൽ രാവിലെ 8.30 ഓടെ എത്തിയ കളക്ടർ പ്രവർത്തന രീതികൾ നേരിൽകണ്ടു വിലയിരുത്തി. മണ്ഡലത്തിലെ ബൂത്തുകളിലേക്കുള്ള പോളിംഗ് സാമഗ്രികൾ 24 കൗണ്ടറുകൾ വഴിയാണ് വിതരണം ചെയ്തത്. ഈ കൗണ്ടറുകൾ എല്ലാം സന്ദർശിച്ച കളക്ടർ ആവശ്യമായ നിർദേശങ്ങളും നൽകി. ഉച്ചയോടെ വിതരണം പൂർത്തിയാക്കി ഉദ്യോഗസ്ഥരെ ബൂത്തുകളിലെത്തിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു. എല്ലാ മണ്ഡലങ്ങളിലേയും പോളിംഗ് സാമഗ്രികളുടെ വിതരണം ഒരേസമയംതന്നെ ആരംഭിച്ചുകഴിഞ്ഞുവെന്നും അദ്ദേഹം പറഞ്ഞു.

എ.ആർ.ഒ ആർ.ഐ. ജ്യോതിലക്ഷ്മിയുടെ നേതൃത്വത്തിലാണ് ആറന്മുള മണ്ഡലത്തിലെ പോളിംഗ് സാമഗ്രികളുടെ വിതരണം നടന്നത്. വോട്ടിംഗ് യന്ത്രം, കൺട്രോൾ യൂണിറ്റ് വിവിപാറ്റ് എന്നിവ സഹിതം 55 ഇനങ്ങളാണ് ഓരോ ബൂത്തിലും നിയോഗിക്കപ്പെട്ടിട്ടുള്ള പ്രിസൈഡിംഗ് ഓഫീസർമാർക്ക് കൈമാറിയത്. ഓരോ ബൂത്തിലും നാല് ജീവനക്കാരാണ് ഡ്യൂട്ടിക്കുള്ളത്. ഏറ്റുവാങ്ങിയ സാമഗ്രികൾ ചെക്ക് ലിസ്റ്റുമായി ഒത്തുനോക്കി ഉറപ്പിച്ച ഇവരെ ഉച്ചകഴിഞ്ഞതോടെ വിവിധ ബസുകളിലായി ബൂത്തുകളിലെത്തിച്ചു. (ഇലക്ഷൻ 225/19)

## മൊട്ടുസൂചി, തീപ്പെട്ടി, ബ്ലേയ്ഡ് മുതൽ വിവിപാറ്റ് വരെ ബൂത്തുകളിലേക്ക് കൊണ്ടുപോയത് 195 ഇനങ്ങൾ

വോട്ടെടുപ്പിനായി ബൂത്തുകളിലേക്ക് ഉദ്യോഗസ്ഥർ കൊണ്ടുപോയത് വോട്ടിംഗ് യന്ത്രങ്ങൾ മുതൽ മൊട്ടുസൂചിവരെ. ഇത്തവണ വിവിപാറ്റ് കൂടി ഈ ലിസ്റ്റിൽ അധികമായി കടന്നുവന്നിട്ടുണ്ട്. വിവിധയിനം പോസ്റ്ററുകൾ, കവറുകൾ, ഫാറങ്ങൾ, എൽഇഡി ബൾബ് വരെയുൾപ്പെടും. ആകെ 195 ഓളം ഇനങ്ങൾ ഉൾപ്പെടുന്ന ബാഗുകളാണ് ഓരോ ബൂത്തിനുമുള്ള പ്രിസൈഡിംഗ് ഓഫീസർ ഏറ്റുവാങ്ങിയത്. തനിക്കൊപ്പമുള്ള മൂന്നു ജീവനക്കാരേയും കൂട്ടി തെരഞ്ഞെടുപ്പ് കമ്മിഷൻതന്നെ നൽകിയിട്ടുള്ള ചെക്ക് ലിസ്റ്റുമായി പ്രിസൈഡിംഗ് ഓഫീസർ ഇത് ഒത്തുനോക്കിയശേഷമാണ് ബൂത്തുകളിലേക്ക് പോകാനായി ബസുകളിലേക്ക് മാറ്റിയത്.

വോട്ടിംഗ് യന്ത്രം, കൺട്രോൾ യൂണിറ്റ് വിവിപാറ്റ്, വോട്ടർമാരുടെ രജിസ്റ്റർ, വോട്ടേഴ്സ് സ്ലിപ്പുകൾ, വോട്ടർ പട്ടിക (മാർക്ക്ഡ് കോപ്പിയും വർക്കിംഗ് കോപ്പിയും), സ്ഥാനാർഥി പട്ടിക, ടെൻഡർ വോട്ട് ചെയ്യുന്നവർക്ക് നൽകേണ്ട ബാലറ്റ് പേപ്പർ, സ്ഥാനാർഥിയുടെയും ഏജന്റിന്റെയും ഒപ്പിന്റെ പകർപ്പ്, കൈവിരലിൽ അടയാളമിടുന്നതിനുള്ള മഷി, വോട്ടിംഗ് യന്ത്രങ്ങളും വിവിപാറ്റും സീൽ ചെയുന്നതിനുള്ള ടാഗ്, സ്പെഷ്യൽ ടാഗ്, സ്ട്രിപ് സീൽ, ഇവിഎമ്മിനുള്ള ഗ്രീൻ സീൽ, വിവിധ ആവശ്യങ്ങൾക്കുള്ള റബർ സീലുകൾ, സ്റ്റാംപ് പാഡ്, മെറ്റൽ സീൽ, തീപ്പെട്ടി, പ്രിസൈഡിംഗ് ഓഫീസർക്കുള്ള ഡയറി, വിവിധതരം വോട്ടുകൾ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള കടലാസുകൾ, ചലഞ്ച് വോട്ട് ഫീസിനുള്ള രസീത് ബുക്ക്, വിസിറ്റ് ഷീറ്റ്, വിവിധ സത്യവാങ്മൂലങ്ങൾ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്താനുള്ള കടലാസുകൾ, പോളിംഗ് ഏജന്റുമാർക്കുള്ള പ്രവേശന പാസുകൾ തുടങ്ങിയവ ഈ പട്ടികയിലുണ്ട്.

വിവിധതരം എൻവലപ്പുകളാണ് മറ്റൊരു പ്രത്യേകത. എല്ലാ രേഖകളും പ്രത്യേകം എൻവലപ്പുകളിൽ സൂക്ഷിക്കണമെന്നതിനാൽ ചെറുതും വലുതുമായി 25 തരം എൻവലപ്പുകളാണ് പ്രിസൈഡിംഗ് ഓഫീസർ ഏറ്റുവാങ്ങുന്നത്. ഉപയോഗിക്കാത്തതും കേടുപറ്റിയതുമായ സീലുകളും ടാഗുകളും സൂക്ഷിക്കാൻവരെ വെവ്വേറെ കവറുകളുണ്ട്. ഇതിനൊപ്പം പ്രിസൈഡിംഗ് ഓഫീസർ, പോളിംഗ് ഓഫീസർ, എൻട്രി, എക്സിറ്റ്, പോളിംഗ് ഏജന്റ് എന്നിങ്ങനെയുള്ള സൈൻബോർഡുകളും ഈ പട്ടികയിൽ വരുന്നുണ്ട്.

സ്റ്റേഷനറിയുടെ കവറിനുള്ളിൽ 19 സാമഗ്രികളാണുള്ളത്. പെൻസിൽ, ബോൾ പെൻ, വെള്ളപേപ്പർ, മൊട്ടുസൂചി... അങ്ങനെ പോകുന്നു ഈ ലിസ്റ്റ്. ഇത്തവണ നൽകുന്ന പേനയ്ക്ക് പ്രത്യേകതയുണ്ട്. വിത്ത് പേനകളാണ് എല്ലാവർക്കും നൽകുന്നത്. ജില്ലാ ശുചിത്വ മിഷനാണ് ആവശ്യത്തിന് വിത്ത് പേനകൾ ലഭ്യമാക്കിയത്. സീൽ ചെയ്യുന്നതിനുള്ള മെഴുക്, പശ, ബ്ലെയ്ഡ്, മെഴുകുതിരി, ട്വൊയിൻനൂൽ, ഇരുമ്പിലുള്ള സ്കെയിൽ, കാർബൺ പേപ്പർ, എണ്ണയോ അതുപോലുള്ള അഴുക്കോ നീക്കുന്നതിന് ആവശ്യമായ തുണി, പാക്ക് ചെയ്യുന്നതിനുള്ള പേപ്പറുകൾ, സെലോടേപ്പ്, റബർബാൻഡ്, ഡ്രായിംഗ് പിൻ എന്നിവയും പ്രിസൈഡിംഗ് ഉദ്യോഗസ്ഥർ ഏറ്റുവാങ്ങി ബൂത്തുകളിലേക്ക് കൊണ്ടുപോയി. (ഇലക്ഷൻ: 226/19)

## പോളിംഗ് ബൂത്തിൽ ചെല്ലുമ്പോൾ ഓർത്തിരിക്കേണ്ടത്

വോട്ട് ചെയ്യാനായി പോളിംഗ് ബൂത്തിൽ എത്തുന്ന സമ്മതിദായകർ ആദ്യം ഒന്നാം പോളിംഗ് ഓഫീസറുടെ അടുത്ത് എത്തണം. തെരഞ്ഞെടുപ്പ് കമ്മീഷൻ അംഗീകരിച്ചിട്ടുള്ള തിരിച്ചറിയൽ കാർഡ് സമ്മതിദായകൻ കാണിക്കണം. വോട്ടർ സ്ലിപ്പ് അംഗീകൃത തിരിച്ചറിയൽ രേഖയായി തെരഞ്ഞെടുപ്പ് കമ്മീഷൻ അംഗീകരിച്ചിട്ടില്ല. അതിനാൽ കമ്മീഷൻ അംഗീകരിച്ചിട്ടുള്ള തിരിച്ചറിയൽ കാർഡ് ഒപ്പം കരുതണം. രേഖകളിലെ വിവരങ്ങൾ നോക്കിയ ശേഷം സമ്മതിദായകന്റെ ക്രമനമ്പരും മറ്റ് വിവിരങ്ങളും ഒന്നാം പോളിംഗ് ഓഫീസർ ഉറക്കെ വിളിച്ചുപറ

യും. രേഖ സംബന്ധിച്ച് തർക്കമില്ലെങ്കിൽ വോട്ടർ പട്ടികയിൽ സമ്മതിദായകന്റെ വിവരം രേഖ പ്പെടുത്തിയ സ്ഥാനത്ത് പോളിംഗ് ഓഫീസർ അടയാളമിടും.

ഇതിനുശേഷം സമ്മതിദായകൻ രണ്ടാം പോളിംഗ് ഓഫീസറുടെ അടുത്ത് എത്തണം. വോട്ട് രജിസ്റ്ററിൽ ക്രമനമ്പർ രേഖപ്പെടുത്തി പോളിംഗ് ഓഫീസർ സമ്മതിദായകന്റെ ഒപ്പോ വിരലടയാളമോ വാങ്ങും. തുടർന്ന് സമ്മതിദായകന്റെ ചൂണ്ടുവിരൽ പരിശോധിച്ച്, അതിൽ നഖംമുതൽ മുകളിലോട്ട് വിരലിന്റെ ആദ്യ മടക്കുവരെ മായ്ക്കാനാവാത്ത മഷി കൊണ്ട് അടയാളപ്പെടുത്തും. മഷി പുരട്ടിയശേഷം സമ്മതിദായകൻ അത് തുടച്ചുകളയാൻ പാടില്ല. ഇടതു ചൂണ്ടുവിരൽ ഇല്ലാത്ത പക്ഷം സമ്മതിദായകന്റെ ഇടതുകയ്യിലെ ഏതെങ്കിലും വിരലിൽ പോളിംഗ് ഓഫീസർ മഷി അടയാളം പതിക്കും. ഇടതുകൈ ഇല്ലാത്തയാളാണെങ്കിൽ വലതുകയ്യിലെ ചൂണ്ടുവിരലിൽ മഷി പതിക്കും. രണ്ടുകയ്യും ഇല്ലാത്തയാളാണെങ്കിൽ ശരീരത്തിൽ കാണാൻ കഴിയുന്ന ഭാഗത്ത് മഷി പുരട്ടും. തുടർന്ന് സമ്മതിദായകന് വോട്ട് ചെയ്യുന്നതിനുള്ള സ്ലിപ്പ് നൽകും.

വോട്ടിംഗ് കമ്പാർട്ട്മെന്റിൽ മറ്റാരും ഇല്ലെന്ന് ഉറപ്പാക്കിയ ശേഷം മൂന്നാം പോളിംഗ് ഓഫീസർ വോട്ടിംഗ് സ്ലിപ്പും മഷിയടയാളവും പരിശോധിക്കും. എന്നിട്ട് സ്ലിപ്പ് തിരികെ വാങ്ങി വോട്ട് ചെയ്യാൻ സമ്മതിദായകനെ അനുവദിക്കും. വോട്ട് ചെയ്യാൻ പാകത്തിൽ വോട്ടിംഗ് യന്ത്രത്തിലെ കൺട്രോൾ യൂണിറ്റിന്റെ സ്വിച്ച് പോളിംഗ് ഓഫീസർ അമർത്തുമ്പോൾ ബാലറ്റ് യൂണിറ്റുകൾ വോട്ട് ചെയ്യാൻ സജ്ജമാവും. ഈ സമയത്ത് സമ്മതിദായകന് വോട്ട് ചെയ്യാൻ ഉദ്ദേശിക്കുന്ന സ്ഥാനാർഥിയുടെ പേരിനും ചിഹ്നത്തിനും നേരെയുള്ള ബട്ടണിൽ വിരൽ അമർത്തി വോട്ട് രേഖപ്പെടുത്താം. വോട്ട് രേഖപ്പെടുത്തിക്കഴിയുമ്പോൾ സ്ഥാനാർഥിയുടെ പേരിന് നേരെയുള്ള ലൈറ്റ് തെളിയും. ബീപ്പ് ശബ്ദം കേൾക്കുമ്പോൾ വോട്ട് രേഖപ്പെടുത്തപ്പെട്ടതായി കണക്കാക്കാം. വോട്ട് ശരിയായായാണോ രേഖപ്പെടുത്തപ്പെട്ടതെന്ന് ഈ ഘട്ടത്തിൽ വിവി പാറ്റ് പരിശോധിച്ച് ഉറപ്പാക്കാം. വിവി പാറ്റിന്റെ സ്ക്രീനിൽ ഏഴ് സെക്കന്റ് നേരത്തേക്ക് വോട്ട് രേഖപ്പെടുത്തിയത് ആർക്കാണെന്ന് തെളിഞ്ഞുകാണാം. ശേഷം സ്ളിപ്പ് കട്ടായി ബോക്സിൽ വീഴും. (ഇലക്ഷൻ: 227/19)

## അംഗീകൃത തിരിച്ചറിയൽ രേഖകൾ

1. തെരഞ്ഞെടുപ്പ് കമ്മിഷൻ അനുവദിച്ച വോട്ടർ തിരിച്ചറിയൽ കാർഡ്
2. പാസ്പോർട്ട്
3. ഡ്രൈവിംഗ് ലൈസൻസ്
4. സംസ്ഥാന/കേന്ദ്ര സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ/പൊതുമേഖലാ കമ്പനികൾ എന്നിവ ജീവനക്കാർക്ക് നൽകുന്ന സർവീസ് തിരിച്ചറിയൽ കാർഡുകൾ
5. ബാങ്ക്/ പോസ്റ്റ് ഓഫീസ് എന്നിവിടങ്ങളിൽനിന്നുള്ള ഫോട്ടോ പതിച്ച പാസ്ബുക്ക് (സഹകരണ ബാങ്കുകളിലെ രേഖകൾ സ്വീകരിക്കില്ല)
6. പാൻ കാർഡ്
7.കേന്ദ്രതൊഴിൽ മന്ത്രാലയം വിവിധ പദ്ധതികളുടെ ഭാഗമായി അനുവദിച്ച സ്മാർട്ട് കാർഡ്
8. തൊഴിൽപദ്ധതി ജോബ് കാർഡ്
9. കേന്ദ്രസർക്കാർ മന്ത്രാലയത്തിന്റെ പദ്ധതിയുടെ ഭാഗമായി അനുവദിച്ച ആരോഗ്യ ഇൻഷ്വറൻസ് കാർഡ്
10. ഫോട്ടോ പതിച്ച പെൻഷൻ കാർഡ്.
11. എംപി/എംഎൽഎ/എംഎൽസി എന്നിവർക്കുള്ള ഔദ്യോഗിക തിരിച്ചറിയൽ കാർഡ്
12. ആധാർ കാർഡ്

(ഫോട്ടോ പതിച്ച വോട്ടർ സ്ലിപ്പ് സമ്മതിദാന കേന്ദ്രങ്ങളിൽ വോട്ടറെ തിരിച്ചറിയുന്നതിനുള്ള ഔദ്യോഗിക രേഖ അല്ല. വോട്ടർ സ്ലിപ്പ് സമ്മതിദായകന് മാർഗനിർദേശം നൽകുന്നതിന് വേ

ണ്ടിയാണ് വിതരണം ചെയ്യുന്നത്.) (ഇലക്ഷൻ: 228/19)

## തെരഞ്ഞെടുപ്പു ദിനത്തിലെ നിബന്ധനകൾ

തെരഞ്ഞെടുപ്പ് ദിവസം സ്ഥാനാർഥി, ചീഫ് ഏജന്റ് എന്നിവർക്ക് വരണാധികാരിയുടെ അനുമതിയോടെ ഓരോ വാഹനങ്ങൾ മണ്ഡലത്തിൽ ഉടനീളം ഉപയോഗിക്കാം.

സ്ഥാനാർഥികളുടെ പാർട്ടി പ്രവർത്തകർക്ക് ഓരോ അസംബ്ലി നിയോജക മണ്ഡലത്തിലേക്കും ഓരോ വാഹനങ്ങൾ അനുമതിവാങ്ങി ഉപയോഗിക്കാം.

ഓരോവാഹനത്തിലും ഡ്രൈവർ ഉൾപ്പെടെ പരമാവധി അഞ്ച് പേരെ മാത്രമെ അനുവദിക്കൂ.

സ്ഥാനാർഥി മണ്ഡലത്തിൽ ഹാജരല്ലെങ്കിൽ മറ്റാർക്കും സ്ഥാനാർഥിക്ക് അനുവദിച്ച വാഹനം ഉപയോഗിക്കാൻ പാടുള്ളതല്ല.

വാഹനങ്ങളിൽ വരണാധികാരി നൽകുന്ന പെർമിറ്റ് വിൻഡ് സ്ക്രീനിൽ തന്നെ പതിക്കേണ്ടതാണ്.

സ്ഥാനാർഥിക്കോ ഏജന്റിനോ പ്രവർത്തകർക്കോ അനുവദിച്ചിട്ടുള്ള വാഹനങ്ങളിൽ വോട്ടർ മാരെ തെരഞ്ഞെടുപ്പ് കേന്ദ്രത്തിലേക്ക് കൊണ്ടുവരുന്നതിനോ കൊണ്ടുപോകുന്നതിനോ ഉപയോഗിക്കാൻ പാടില്ല.

തെരഞ്ഞെടുപ്പുദിവസം അനുവദിക്കപ്പെട്ട വാഹനങ്ങൾ ഒഴികെ മറ്റ് വാഹനങ്ങൾ തെരഞ്ഞെ ടുപ്പ് ആവശ്യത്തിന് ഉപയോഗിക്കുവാൻ പാടുള്ളതല്ല.

സ്ഥാനാർഥി മേൽപറഞ്ഞ അനുമതി കൂടാതെ ഉപയോഗിക്കുന്ന വാഹനഉടമകൾക്കെതിരെ മോട്ടോർ വാഹനനിയമപ്രകാരം നടപടി സ്വീകരിക്കുന്നതാണ്.

സ്വകാര്യ വാഹനങ്ങളിൽ ഉടമസ്ഥർക്കോ കുടുംബാംഗങ്ങൾക്കോ പോളിംഗ് സ്റ്റേഷനിൽ വോട്ട് ചെയ്യാൻ പോകുന്നതിൽ തടസമില്ല.

തെരഞ്ഞെടുപ്പുമായി ബന്ധമില്ലാത്ത സ്വകാര്യ ആവശ്യങ്ങൾക്ക് സ്വകാര്യ വാഹനങ്ങൾ ഉപയോഗിക്കുന്നതിന്മേൽ നിയന്ത്രണങ്ങൾ ബാധകമല്ല.

സ്വകാര്യ വാഹനങ്ങൾ വോട്ടെടുപ്പുകേന്ദ്രത്തിന്റെ 200 മീറ്റർ ചുറ്റളവിൽ പ്രവേശിക്കാൻ പാടില്ല.

പോളിംഗ്സ്റ്റേഷന്റെ100 മീറ്റർ പരിധിക്കുള്ളിൽ പൊതുസ്ഥലത്തോ സ്വകാര്യസ്ഥലത്തോ യാതൊരുവിധത്തിലും വോട്ടർമാരെ സ്വാധീനിക്കുന്ന പ്രവർത്തികളോ, പോസ്റ്ററുകളോ ബാനറുകളോ അനുവദിക്കുന്നതല്ല.

പോളിംഗ്സ്റ്റേഷന്റെ100 മീറ്റർ പരിധിക്കുള്ളിൽ മൊബൈൽഫോൺ, കോഡ്ലസ്സ് ഫോൺ എന്നിവ ഡ്യൂട്ടിക്ക് നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥരല്ലാതെ മറ്റാരും ഉപയോഗിക്കാൻ പാടുള്ളതല്ല.

വോട്ടേഴ്സ് സ്ലിപ്പുകളിൽ സ്ഥാനാർഥിയുടെ പേരോ ചിഹ്നമോ, പാർട്ടിയുടെ പേരോ ഉപയോഗിക്കാൻ പാടുള്ളതല്ല

പോളിംഗ് സമയത്ത് പോളിംഗ് ബൂത്തുകൾക്കുള്ളിൽ പോളിംഗ് ഉദ്യോഗസ്ഥർ ഫോണുകൾ സ്വിച്ച്ഓഫ്ചെയ്യേണ്ടതും ആവശ്യമെങ്കിൽ ബൂത്തിനു പുറത്തുപോയി സംസാരിക്കേണ്ടതുമാണ്.

പോളിംഗ് ദിവസം പോളിംഗ് ബൂത്തുകളുടെ പുറത്ത് ബൂത്ത്ലവൽ ഓഫീസർമാർക്ക് വോട്ടർ അസിസ്റ്റൻസ് ബൂത്തുകളിൽ മൊബൈൽഫോൺ, വോട്ടർപട്ടിക, വോട്ടർ സ്ളിപ്പ് എന്നിവ സ ഹിതം നിലകൊള്ളാവുന്നതാണ്.

പോളിംഗ്സ്റ്റേഷന്റെ100 മീറ്റർപരിധിക്കുള്ളിൽ ലൗഡ്സ്പീക്കർ, മെഗാഫോൺ എന്നിവയുടെ ഉപയോഗം നിരോധിച്ചിട്ടുള്ളതും യാതൊരുതരത്തിലുള്ള ക്രമവിരുദ്ധമായ പ്രവൃത്തികൾ അനുവദിക്കുന്നതുമല്ല.

റെക്കോർഡ് ചെയ്ത ശബ്ദങ്ങളോ ആംപ്ലിഫയറുകളോ ഉപയോഗിച്ചാൽ അത്തരം ഉപക

രണങ്ങൾ കസ്റ്റഡിയിൽ എടുക്കുക്കും.
ഉച്ചത്തിൽ പ്രഭാഷണം നടത്തുന്നത് അനുവദനീയമല്ലാത്തതും ശിക്ഷാനടപടികൾ സ്വീകരിക്കുന്നതുമാണ്.
പോളിംഗ് സ്റ്റേഷനിൽ പ്രവേശിക്കുന്നതിന് അംഗീകൃത പാസ് കൃത്യമായി പ്രദർശിപ്പിക്കേണ്ടതാണ്.
തെരഞ്ഞെടുപ്പു പ്രചാരണത്തിനായി മണ്ഡലത്തിനു പുറത്തുനിന്നും എത്തിയിട്ടുള്ള രാഷ്ട്രീയ പ്രവർത്തകർ (മണ്ഡലത്തിൽ വോട്ട് ഇല്ലാത്തവർ) തെരഞ്ഞെടുപ്പ് പ്രചാരണ സമയം അവസാനിക്കുന്ന മുറയ്ക്ക് മണ്ഡലം വിട്ടുപോകേണ്ടതാണ്.
തെരഞ്ഞെടുപ്പുദിവസം വോട്ടെടുപ്പ് ആരംഭിക്കുന്നതിനു ഒരുമണിക്കൂർ മുമ്പായി മോക് പോൾ ആരംഭിക്കുന്നതിനാൽ പ്രസ്തുതസമയത്ത് പോളിംഗ് ഏജന്റുമാർ
പോളിംഗ്സ്റ്റേഷനിൽ എത്തിച്ചേരേണ്ടതാണ്.
പോളിംഗ് സ്റ്റേഷനു 200 മീറ്റർ പരിധിയിലുള്ള രാഷ്ട്രീയ പാർട്ടികളുടെ ഓഫീസുകളുടെ പ്രവർത്തനം അടിയന്തിരമായി അവസാനിപ്പിക്കേണ്ടതാണ്. (ഇലക്ഷൻ: 229/19)

## ഇലക്ഷൻ ബൂത്തുകൾ സംബന്ധിച്ച നിദേശങ്ങൾ

പോളിംഗ് സ്റ്റേഷന്റെ 200 മീറ്റർ ചുറ്റളവിൽ ബൂത്തുകൾ അനുവദനീയമല്ല.
ഒരുമേശയും രണ്ട് കസേരയും ക്രമീകരിക്കാം ഷാമിയാന, ടെന്റ് എന്നിവ കെട്ടാൻ പാടുള്ളതുമല്ല.
മൂന്ന് അടി നീളവും ഒന്നര അടി വീതിയുമുള്ള ബാനർ ഉപയോഗിക്കാം
ബൂത്തുകളിലുള്ള വ്യക്തികൾ നിർബന്ധമായും വോട്ടർ ഐ.ഡി. കാർഡ് കൈവശം വയ്ക്കേണ്ടതാണ്.
രാഷ്ട്രീയ പരാമർശമുള്ള സ്ലിപ്പുകളോ മറ്റ് സാമഗ്രികളോ വിതരണം ചെയ്യാൻ പാടുള്ളതല്ല.
തദ്ദേശസ്ഥാപനങ്ങളുടെ മുൻകൂർ അനുമതി ഉണ്ടായിരിക്കേണ്ടതാണ്.

(ഇലക്ഷൻ: 230/19)

## വെബ് കാസ്റ്റിംഗ് സംവിധാനം: ട്രയൽറൺ വിജയകരമായി പൂർത്തിയാക്കി

ലോക്സഭാ തെരഞ്ഞെടുപ്പ് സുഗമവും, സുതാര്യവുമായി നടത്തുന്നതിന്റെ ഭാഗമായി ജില്ലയിലെ സെൻസിറ്റീവ്, വൾനറബിൾ ബൂത്തുകൾ ഉൾപ്പടെ 71 ബൂത്തുകളിലെ വെബ് കാസ്റ്റിംഗ് സംവിധാനവുമായി ബന്ധപ്പെട്ട ട്രയൽറൺ വിജയകരമായി പൂർത്തിയാക്കി. 20ന് മണ്ഡലത്തിലെ പത്ത് ബൂത്തുകളിലെ ട്രയൽ റൺ നടന്നിരുന്നു. ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസറും ജില്ലാ കളക്ടറുമായ പി ബി നൂഹിന്റെ നേതൃത്വത്തിൽ സംസ്ഥാന ഐടി മിഷൻ-അക്ഷയ മുഖേനയാണ് വെബ് കാസ്റ്റിംഗ് സംവിധാനം ഏർപ്പെടുത്തുന്നത്. കള്ളവോട്ട് ഉൾപ്പടെയുള്ള പ്രശ്നങ്ങൾ ഒഴിവാക്കി വോട്ടെടുപ്പ് സുഗമവും, സുതാര്യവുമാക്കുകയാണ് വെബ് കാസ്റ്റിംഗിന്റെ ലക്ഷ്യം. പ്രശ്നബാധിത ബൂത്തുകളിലെത്തുന്ന ഓരോ വോട്ടർമാരും വോട്ട് ചെയ്യാനെത്തുന്നതും, രേഖപ്പെടുത്തിയതിന് ശേഷം പുറത്തിറങ്ങുന്നതും ഉൾപ്പടെയുള്ള മുഴുവൻ കാര്യങ്ങളും വെബ്കാസ്റ്റിംഗിലൂടെ തൽസമയം രേഖപ്പെടുത്തും. പ്രശ്നബാധിതബൂത്തുകളിലെ വോട്ടെടുപ്പ് നടപടികൾ കളക്ടറേറ്റിൽ ഒരുക്കുന്ന കൺട്രോൾ റൂം മുഖേന ജില്ലാ കളക്ടർ നിരീക്ഷിച്ച് തൽസമയം ആവശ്യമായ നിർദേശങ്ങൾ നൽകും. വെബ് കാസ്റ്റിംഗിനു മുന്നോടിയായി ജില്ലയിലെ അക്ഷയ സംരംഭകർക്കും ഓപ്പറേറ്റർമാർക്കും കെൽട്രോൺ മുഖേന പ്രത്യേക പരിശീലനം നൽകിയിരുന്നു.

(ഇലക്ഷൻ: 231/19)

## വോട്ട് സ്മാർട്ട് ആപ്പ്: വിജയികൾ കോന്നി സ്വദേശികൾ

വോട്ട് സ്മാർട്ട് ആപ്പ് അഞ്ചാംദിന സമ്മാനം കോന്നി സ്വദേശികൾ കരസ്ഥമാക്കി. ഒന്നാം സ്ഥാനം ബിടെക് വിദ്യാർത്ഥിനിയായ അഞ്ജലി സുധീഷും, രണ്ടാം സ്ഥാനം ജോബിൻ വർഗീസും നേടി. ഇരുവർക്കും ജില്ലാ കളക്ടർ പി.ബി നൂഹ് സമ്മാനത്തുക കൈമാറി. വോട്ടെടുപ്പ് ദിവസമായ ഇന്ന് വരെയാണ് മത്സരിക്കാനുള്ള അവസരം.

(ഇലക്ഷൻ : 232/19)

## ഇടിമിന്നലോട് കൂടിയ മഴയ്ക്ക് സാധ്യത

കേരളത്തിൽ ഒറ്റപെട്ട സ്ഥലങ്ങളിൽ ഇന്ന് ഇടിയോടും മിന്നലോടും കൂടിയ മഴയ്ക്കും കാറ്റിനും സാധ്യതയുള്ളതായി സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി അറിയിച്ചു.

സംസ്ഥാനത്ത് ഇപ്പോൾ ലഭിക്കുന്ന വേനൽ മഴയോടനുബന്ധിച്ച് ഉച്ചക്ക് രണ്ട് മുതൽ വൈകിട്ട് എട്ട് വരെയുള്ള സമയത്ത് ശക്തമായ ഇടിമിന്നലിനുള്ള സാധ്യത ഉണ്ട്. ഇത്തരം ഇടിമിന്നൽ അപകടകാരികൾ ആണ്. അവ മനുഷ്യ ജീവനും വൈദ്യുത ചാലകങ്ങളുമായി ബന്ധിപ്പിച്ചിട്ടുള്ള വീട്ടുപകരണങ്ങൾക്കും വലിയ നാശനഷ്ടം സൃഷ്ടിക്കുന്നുണ്ട്. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ഇടിമിന്നലിനെ ഒരു സംസ്ഥാന സവിശേഷ ദുരന്തമായി പ്രഖ്യാപിച്ചിട്ടുണ്ട്.

പൊതുജനങ്ങൾ ഉച്ചയക്ക് രണ്ട് മുതൽ വൈകിട്ട് എട്ട് വരെയുള്ള സമയം മുൻകരുതൽ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇടിമിന്നൽ ദൃശ്യമല്ല എന്നതിനാൽ ഇത്തരം മുൻകരുതൽ സ്വീകരിക്കുന്നതിൽ നിന്നും വിട്ടുനിൽക്കരുത്. ഈ സമയത്ത് കുട്ടികളെ തുറസായ സ്ഥലത്ത് കളിക്കുന്നതിൽനിന്നും വിലക്കണം. മഴക്കാർ കാണുമ്പോൾ ഉണക്കാനിട്ട വസ്ത്രങ്ങൾ എടുക്കാൻ മുറ്റത്തേക്കോ ടെറസിലേക്കോ പോകാതിരിക്കുക. മുൻ അനുഭവങ്ങളിൽ മഴക്കാറ് കണ്ട് വളർത്തു മൃഗങ്ങളെ മാറ്റി കെട്ടാനും ടെറസിൽ ഉണക്കാനിട്ട വസ്ത്രങ്ങൾ എടുക്കാനും പോയ വീട്ടമ്മമാരിൽ കൂടുതലായി ഇടിമിന്നൽ ഏറ്റതായി കാണുന്നു. ഇത്തരം പ്രവൃത്തികളിൽ ഏർപ്പെടുന്ന വീട്ടമ്മമാർ പ്രത്യേകമായി ശ്രദ്ധിക്കണം. ഇടിമിന്നലിന്റെ ആദ്യ ലക്ഷണം കണ്ടുകഴിഞ്ഞാൽ ഉടൻ തന്നെ സുരക്ഷിതമായ കെട്ടിടത്തിനുള്ളിലേക്ക് മാറണം. ഗൃഹോപകരണങ്ങളുടെ വൈദ്യുതി ബന്ധം വിഛേദിക്കണം. ജനലും വാതിലും അടച്ചിടണം. ലോഹ വസ്തുക്കളുടെ സ്പർശനമോ സാമീപ്യമോ പാടില്ല. വൈദ്യുതി ഉപകരണങ്ങളുടെ സാമീപ്യവും ഒഴിവാക്കുക. ഫോൺ ഉപയോഗിക്കരുത്. ഇടിമിന്നലുള്ള സമയത്ത് കുളിക്കുന്നത് ഒഴിവാക്കണം. കഴിയുന്നത്ര ഗൃഹാന്തർ ഭാഗത്ത് ഭിത്തിയിലോ തറയിലോ സ്പർശിക്കാതെ ഇരിക്കണം. ഇടിമിന്നലുള്ള സമയത്ത് ടെറസ്സിലോ മറ്റ് ഉയരമുള്ള സ്ഥലങ്ങളിലോ വൃക്ഷ കൊമ്പിലോ ഇരിക്കുന്നത് അപകടകരമാണ്. വീടിനു പുറത്താണങ്കിൽ വൃക്ഷങ്ങളുടെ ചുവട്ടിൽ നിൽക്കരുത്. വാഹനത്തിനുള്ളിൽ ആണങ്കിൽ തുറസ്സായ സ്ഥലത്ത് നിർത്തി, ലോഹ ഭാഗങ്ങളിൽ സ്പർശിക്കാതെ ഇരിക്കണം. ഇടിമിന്നൽ ഉണ്ടാകുമ്പോൾ ജലാശയത്തിൽ ഇറങ്ങുവാൻ പാടില്ല. പട്ടം പറത്തുവാൻ പാടില്ല. തുറസായ സ്ഥലത്താണങ്കിൽ പാദങ്ങൾ ചേർത്തുവച്ച് തല കാൽ മുട്ടുകൾക്ക് ഇടയിൽ ഒതുക്കി പന്തുപോലെ ഉരുണ്ട് ഇരിക്കുക. ഇടിമിന്നലുള്ള സമയം പുറത്ത് അയയിൽ കിടക്കുന്ന നനഞ്ഞ വസ്ത്രങ്ങൾ എടുക്കാതിരിക്കുക. ഇടിമിന്നലിൽനിന്ന് സുരക്ഷിതമാക്കാൻ കെട്ടിടങ്ങൾക്കു മുകളിൽ മിന്നൽ ചാലകം സ്ഥാപിക്കാം. വൈദ്യുതോപകരണങ്ങളുടെ സുരക്ഷയ്ക്കായി സർജ്ജ് പ്രൊട്ടക്ടർ ഘടിപ്പിക്കാം. മിന്നലിന്റെ ആഘാതത്താൽ പൊള്ളൽ ഏൽക്കുകയോ കഴ്ച്ചയോ കേഴ്‌വിയോ നഷ്ടമാവുകയോ ഹൃദയാഘാതം സംഭവിക്കയോ ചെയ്യാം. മിന്നലാഘാതം ഏറ്റ ആളിന്റെ ശരീരത്തിൽ വൈദ്യുത പ്രവാഹം ഇല്ല എന്ന് മനസിലാക്കണം. അതിനാൽ മിന്നലേറ്റ ആളിന് പ്രഥമ ശുശ്രൂഷ നൽകുവാൻ മടിക്കരുത്. മിന്നൽ ഏറ്റാൽ ആദ്യ മുപ്പത് സെക്കന്റ് സുരക്ഷയ്ക്കായിട്ടുള്ള

സുവർണ്ണ നിമിഷങ്ങളാണ്. വളർത്തു മൃഗങ്ങളെ തുറസായ സ്ഥലത്ത് ഈ സമയത്ത് കെട്ടരുത്. അവയെ അഴിക്കുവാനും സുരക്ഷിതമായി മാറ്റി കെട്ടുവാനും മഴ മേഘം കാണുമ്പോൾ തുറസായ സ്ഥലത്തേക്ക് പോകരുതെന്നും ദുരന്ത നിവാരണ അതോറിറ്റി അറിയിച്ചു. (പിഎൻപി 1027/19)

## ഫോട്ടോ അടിക്കുറിപ്പ്

1) ആറന്മുള മണ്ഡലത്തിലെ പോളിംഗ് സാമഗ്രികളുടെ വിതരണ കേന്ദ്രമായ മൈലപ്ര മൗണ്ട് ബഥനി ഹയർ സെക്കൻഡറി സ്കൂളിൽ നിന്നും പോളിംഗ് സാമഗ്രികളുമായി പോകുന്ന ഉദ്യോഗസ്ഥർ.
2) ആറന്മുള മണ്ഡലത്തിലെ പോളിംഗ് സാമഗ്രികളുടെ വിതരണ കേന്ദ്രമായ മൈലപ്ര മൗണ്ട് ബഥനി ഹയർ സെക്കൻഡറി സ്കൂളിൽ ജില്ലാ കളക്ടർ പി.ബി.നൂഹ് സന്ദർശിക്കുന്നു.
3) വോട്ട് സ്മാർട്ട് ആപ്പ് അഞ്ചാംദിനത്തിൽ ഒന്നാം സമ്മാനം നേടിയ അഞ്ജലി സുധീഷിന് ജില്ലാ കളക്ടർ പി.ബി.നൂഹ് സമ്മാനത്തുക കൈമാറുന്നു.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**